മലയാള മനോരമ
04 February 2026



സിഎംഎഫ്ആർഐയിൽ കടൽ ജീവികളെക്കുറിച്ചുള്ള ഓപ്പൺ ഹൗസ് പ്രദർശനത്തിൽ നീല തിമിംഗലത്തിന്റെ അസ്ഥികൂടം കൗതുകത്തോടെ കാണുന്ന കുട്ടികൾ. *ചിത്രം: മനോരമ*

# കടലോളം പോകാതെ കടലിനെ അറിയാം

▸▸ വലിയ കടൽജീവികളുടെ അസ്ഥികൾ പുനരാവിഷ്കരിച്ച് സിഎംഎഫ്ആർഐയിൽ മറൈൻ മെഗാ ഫോണ മ്യൂസിയം

**കൊച്ചി●** കടലിൽ രാജാവായി നീന്തിയ ഭീമൻ തിമിംഗലത്തെ നേരിട്ടു കണ്ടിട്ടില്ലെങ്കിലും അസ്ഥികളുടെ സമാന പുനരാവിഷ്കാരം കണ്ടറിയാം; കടലാഴങ്ങളിലെ വലിയ ജീവികളുടെ പ്രത്യേകതകളും ശാസ്ത്രീയ പഠനങ്ങളും പരിചയപ്പെടുത്തുന്ന സ്ഥിരം മറൈൻ മെഗാ ഫോണ മ്യൂസിയം തുറക്കുകയാണു സിഎംഎഫ്ആർഐയിൽ.

മൂന്നു വർഷം മുൻപു കോഴിക്കോട് തീരക്കടലിൽ ചത്തു കരയ്ക്കടിഞ്ഞ തിമിംഗലത്തിന്റെ 14 മീറ്റർ നീളമുള്ള അസ്ഥികൂടമാണു ഡോ. രതീഷ് രവീന്ദ്രന്റെ നേതൃത്വത്തിലുള്ള ടീം ക്രമീകരിച്ചിട്ടുള്ളത്. വനംവകുപ്പിന്റെ അനുമതി നേടി, മണ്ണിനടിയിൽ നിന്ന് അസ്ഥികൾ പുറത്തെടുത്ത് ആർട്ടിസ്റ്റിന്റെ സഹായത്തിലാണു സജ്ജീകരിച്ചത്. ഇന്ത്യയിലെ കടലുകളിൽ കാണുന്ന തിമിംഗലങ്ങൾ, ഡോൾഫിനുകൾ, കടൽപശു, ഫിൻലെസ് പോർപോയ്സ് തുടങ്ങി സമുദ്ര സസ്തനികളുടെ സ്ട്രക്ചറുകളും ശബ്ദവീചികളും ഉൾപ്പെടുത്തി തയാറാക്കുന്ന മ്യൂസിയം പൂർണതോതിൽ സജ്ജമാകുന്നതോടെ സ്ഥിരമായി സന്ദർശകർക്കു പ്രവേശനം അനുവദിക്കും.

## കൗതുകമായി സൺഫിഷ്

**കൊച്ചി●** വേദന അറിയാത്ത 'സൺഫിഷ്' സിഎംഎഫ്ആർഐ ഓപ്പൺ ഹൗസിൽ കൗതുകമായി. പസിഫിക് മേഖലയിൽ സാധാരണമായി കാണപ്പെടുന്ന സൺഫിഷ് അറബിക്കടലിൽ അപൂർവമാണ്. ചർമത്തിൽ നാഡി അഗ്രങ്ങൾ ഇല്ലാത്തതിനാൽ മറ്റു ജീവികൾ ആക്രമിച്ചാലും വേദന അറിയില്ല. വാൽ ഇല്ലാത്തതിനാൽ വേഗത്തിൽ നീന്തുകയുമില്ല.

1964 മുതൽ സിഎംഎഫ്ആർഐ സമാഹരിച്ച 1964 കടൽ ജീവികളുടെ സാംപിളുകൾ മ്യൂസിയത്തിലുണ്ട്. കടൽ മത്സ്യങ്ങൾ, കടൽ പാമ്പുകൾ, കടൽ പക്ഷികൾ, കടൽപായൽ, കടൽപുല്ല് തുടങ്ങി ജെല്ലിഫിഷ് വരെയെത്തുന്ന ശേഖരം.

ആഴക്കടൽ കാഴ്ചകളുടെ വിസ്മയ ലോകം പരിചയപ്പെടാൻ വിദ്യാർഥികളും കുടുംബങ്ങളും ഉൾപ്പെടെ എത്തി. ഭീമൻ കക്ക, തിമിംഗല സ്രാവ്, ചക്രവർത്തി മത്സ്യം തുടങ്ങി കടൽ ജീവികളുടെ ശേഖരവും കാണികൾക്കു മുന്നിലെത്തി. വിവിധ ഗവേഷണ വിഭാഗങ്ങളുടെ കീഴിൽ സ്രാവുകൾ, തിരണ്ടി, വിവിധയിനം മത്സ്യങ്ങൾ, ചെമ്മീൻ, കൊഞ്ച്, കണവ, മുത്തുച്ചിപ്പി എന്നിവയുടെ പ്രദർശനവും ഒരുക്കിയിരുന്നു.

കാർഷിക അനുബന്ധ മേഖലകളിലെ തൊഴിൽ സാധ്യതകളെക്കുറിച്ചു ശിൽപശാല സംഘടിപ്പിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജും മറ്റ് ശാസ്ത്രജ്ഞരും വിദ്യാർഥികളുമായി സംവദിച്ചു. മാരികൾചർ സാങ്കേതിക വിദ്യകൾ, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയും പ്രദർശിപ്പിച്ചു.